## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **5899**

7-7-2014 ൽ
മറുപടിയ്ക്ക്

### താൽക്കാലിക ജീവനക്കാരിയെ സ്ഥിരപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശിവൻകുട്ടി | ശ്രീ. കെ.സി. ജോസഫ്<br>( ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പുമന്ത്രി) |
| എ) താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിക്കൊണ്ടുള്ള സി-ഡിറ്റ് പുറപ്പെടുവിച്ച ഉത്തരവിൽ സർവ്വീസിന്റെയും മാനുഷിക പരിഗണനയുടെയും അടിസ്ഥാനത്തിൽ ഉൾപ്പെടുത്തേണ്ട ഡാറ്റാ എൻട്രി തസ്തികയിൽ ജോലി ചെയ്യുന്ന രാജേശ്വരി എന്ന വനിതയെ മന:പൂർവ്വം ഒഴിവാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) & ബി) താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിക്കൊണ്ട് സി-ഡിറ്റ് പുറപ്പെടുവിച്ച ഉത്തരവിൽ മനപൂർവ്വമായി ആരെയും ഒഴിവാക്കിയിട്ടില്ല. 01.01.2012-ൽ തുടർച്ചയായി 6 വർഷം സർവ്വീസ് പൂർത്തിയാക്കിയ താൽക്കാലിക ജീവനക്കാർ എന്ന മാനദണ്ഡത്തിനെ അടിസ്ഥാനമാക്കിയാണ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ടി മാനദണ്ഡ പ്രകാരം യോഗ്യരായ മുഴുവൻ താൽക്കാലിക ജീവനക്കാരെയും ഉൾക്കൊളളിച്ചു കൊണ്ടാണ് ഉത്തരവിറക്കിയിട്ടുള്ളത്. |
| ബി) എങ്കിൽ പ്രസ്തുത ജീവനക്കാരിക്ക് സ്ഥിരനിയമനം നൽകുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ? | |

Rjayaw
സെക്ഷൻ ഓഫീസർ